ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:01.10.2024

## പ്രധാനവാർത്തകൾ

1. നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ജമൈക്കൻ പ്രധാനമന്ത്രിയുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.
2. രാജ്യത്ത് സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ടുള്ള സ്വച്ഛ് ഭാരത് മിഷന് ഗാന്ധിജയന്തി ദിനമായ നാളെ 10 വയസ്. 9,600 കോടിയിലധികം രൂപയുടെ ശുചിത്വ പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.
3. മാലിന്യമുക്തം നവകേരളം ക്യാമ്പെയിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നാളെ നിർവ്വഹിക്കും. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ പരിപാടികൾ നടക്കും.
4. വ്യാവസായിക രംഗത്തെ ഇലക്ട്രോണിക് ഹബ്ബാക്കി കേരളത്തെ മാറ്റാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
5. അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ജീവൻ രക്ഷാ സംവിധാനങ്ങൾ ഒഴിവാക്കേണ്ട സാഹചര്യങ്ങളെക്കുറിച്ചുള്ള കരട് മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറപ്പെടുവിച്ചു.
6. വയോജനങ്ങളുടെ സംരക്ഷണം സമൂഹത്തിന്റെ കൂടി ഉത്തരവാദിത്തമാണെന്ന ഓർമ്മപ്പെടുത്തലുമായി ഇന്ന് അന്താരാഷ്ട്ര വയോജന ദിനം.

RNUTVPM

==========================================

## ജമൈക്ക പ്രധാനമന്ത്രി

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ജമൈക്കൻ പ്രധാനമന്ത്രി ഡോ.ആൻഡ്രൂ ഹോൾനസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഡൽഹിയിൽ പ്രതിനിധിതല ചർച്ച നടത്തി. ഇരുരാജ്യങ്ങൾക്കും താൽപ്പര്യമുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. ഇന്ത്യയും ജമൈക്കയും തമ്മിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ധാരണാപത്രങ്ങളും കരാറുകളും ഒപ്പുവച്ചു.

==========================================

## സ്വച്ഛ് ഭാരത് – പ്രധാനമന്ത്രി

രാജ്യത്ത് സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ടുള്ള ബഹുജന പ്രസ്ഥാനങ്ങളിലൊന്നായ സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചിട്ട് നാളെ ഗാന്ധി ജയന്തി ദിനത്തിൽ 10 വർഷം പൂർത്തിയാകും. വാർഷികത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ നാളെ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 9,600 കോടിയിലധികം രൂപയുടെ ശുചിത്വ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. സ്വഭാവ് സ്വച്ഛത സംസ്കാർ സ്വച്ഛത' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച സ്വേച്ഛത ഹി സേവ ക്യാമ്പയിന് കീഴിൽ, ഇതുവരെ 17 കോടിയിലധികം ജനങ്ങളുടെ പൊതു പങ്കാളിത്തത്തോടെ 19.70 ലക്ഷത്തിലധികം പരിപാടികൾ പൂർത്തിയാക്കി. ഇതിനു പുറമെ, **ഏക് പേട് മാ കെ നാം** ക്യാമ്പെയിനിന് കീഴിൽ 45 ലക്ഷം വൃക്ഷത്തൈകളും രാജ്യത്തെമ്പാടും നട്ടുപിടിപ്പിച്ചു.

==========================================

RNUTVPM

## മാലിന്യമുക്തം നവകേരളം-മുഖ്യമന്ത്രി

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ രാവിലെ കൊട്ടാരക്കര എൽഐ.സി അങ്കണത്തിൽ നിർവഹിക്കും. ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച് അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനമായ മാർച്ച് 30-ന് സമ്പൂർണ്ണ മാലിന്യ മുക്ത കേരളം സാധ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഇത് നടപ്പാക്കുന്നത്. സമഗ്ര കൊട്ടാരക്കരയുടെ ഭാഗമായുള്ള പുലമൺതോട് പുനരുജ്ജീവന പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിക്കും.

## സ്വച്ഛതാ ഹി സേവ-ജോർജ് കുര്യൻ

സ്വച്ഛതാ ഹി സേവ കാമ്പയിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിനു കീഴിലുള്ള നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കും. രാവിലെ 9 മണിക്ക് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേരളത്തിലെ 9 ജില്ലകളിലും തീരപ്രദേശങ്ങളിലും മാഹി, ലക്ഷ്ദ്വീപ് തീരപ്രദേശങ്ങളിലും മൈ ഭാരത് വളണ്ടിയർമാർ ശുചീകരണ പ്രവർത്തങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും.

RNUTVPM

## ആകാശവാണി- മെഡിക്കൽ ക്യാമ്പ്

സ്വച്ഛതാ ഹി സേവ ക്യാമ്പെയിന്റെ ഭാഗമായി തിരുവനന്തപുരം ആകാശവാണി നിലയത്തിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുമായി സംഘടിപ്പിച്ച വൈദ്യപരിശോധനാ ക്യാമ്പ് തുടരുന്നു. പി.ആർ.എസ്

ആശുപത്രിയുമായി ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 മണി വരെ നടത്തുന്ന ക്യാമ്പിൽ ഇ.സി.ജി, സ്തനാർബുദപരിശോധന, നേത്രപരിശോധന, രക്തപരിശോധന എന്നിവ ഉണ്ടായിരിക്കും.

==========================================

## സ്വച്ഛതാ ഹി സേവ – കൊല്ലം

സ്വച്ഛതാ ഹി സേവാ ക്യാമ്പയിന്റെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെയും നാഷണൽ സർവ്വീസ് സ്കീമുന്റെയും നേതൃത്വത്തിൽ കൊല്ലം ബീച്ച് ശുചീകരിച്ചു. പത്തോളം കലാലയങ്ങളിൽ നിന്നുള്ള നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ, വിവിധ യൂത്ത് ക്ലബ് അംഗങ്ങൾ ഉൾപ്പടെ ഇരുന്നൂറോളംപേർ ശുചീകരണ യജ്ഞത്തിൽ പങ്കാളിയായി. ശുചീകരണ പ്രവർത്തനം കൊല്ലം കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. ഒരു കിലോമീറ്ററോളം തീരത്തെ പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ സന്നദ്ധപ്രവർത്തകർ ശേഖരിച്ച് വേർതിരിച്ച് കോർപ്പറേഷന് കൈമാറി.

==========================================

## സ്വച്ഛത ഹി സേവ- കണ്ണൂർ

സ്വച്ഛത ഹി സേവായുടെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെ നേതൃത്വത്തിൽ കണ്ണൂർ പയ്യാമ്പലം ബീച്ച് മെഗാ ശുചീകരണ യജ്ഞം നടത്തി. മേരാ യുവാഭാരത്, ജില്ലാ ശുചിത്വമിഷൻ, കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിലെയും എസ് എൻ കോളേജിലെയും എൻ എസ് എസ് യൂണിറ്റുകൾ എന്നിവയുടെ

RNU TVPM

സഹകരണത്തോടെ നടന്ന ശുചീകരണം കോർപ്പറേഷൻ മേയർ ഉദ്ഘാടനം ചെയ്തു.

==========================================

## ജമ്മു-കശ്മീർ

ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്നാമത്തേയും അവസാനത്തേയും ഘട്ട വോട്ടെടുപ്പ് സമാധാനപരമായി പുരോഗമിക്കുന്നു. ആദ്യത്തെ നാല് മണിക്കൂറിൽ 28.12 ശതമാനം പോളിംഗ് രേഖപ്പെടുത്തി. പോളിംഗ് ബൂത്തുകളിലെല്ലാം നീണ്ട നിരയാണ് പ്രകടമാകുന്നത്. ഏഴു ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. വൈകിട്ട് 6 മണി വരെ തുടരും. 5,060 പോളിംഗ് ബൂത്തുകളാണ് സജ്ജമാക്കിയിട്ടുള്ളത്. 39 ലക്ഷത്തിലധികം ജനങ്ങളാണ് സമ്മതിദാന അവകാശം വിനിയോഗിക്കുന്നത്. നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്ന് ഘട്ടങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും. അതെസമയം, ജമ്മു കശ്മീരിലെ എല്ലാവരും സമ്മതിദാന അവകാശം വിനിയോഗിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹിക മാധ്യമ പോസ്റ്റിൽ ആഹ്വാനം ചെയ്തു. കന്നി വോട്ടർമാരുടേയും സ്ത്രീകളുടേയും മികച്ച പങ്കാളിത്തം ഇത്തവണ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.

RNUTVPM

==========================================

## പ്രധാനമന്ത്രി-ജാർഖണ്ഡ്

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഝാർഖണ്ഡിലെ ഹസാരിബാഗിൽ 83,300 കോടി രൂപയുടെ പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും നിർവഹിക്കും. 79,150 കോടി രൂപയുടെ ധർത്തി ആബ ജൻജാതിയ ഗ്രാം ഉത്കർഷ് അഭിയാന്

പ്രധാനമന്ത്രി സമാരംഭം കുറിയ്ക്കും. സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 63,000 ഗ്രാമങ്ങളിലെ 5 കോടിയിലധികം ഗോത്രവർഗ്ഗവിഭാഗക്കാർ പദ്ധതിയുടെ പരിധിയിൽ വരും. ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 40 ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

===============================================

## മുഖ്യമന്ത്രി – സൂപ്പർ കപ്പാസിറ്റർ

വ്യാവസായിക രംഗത്തെ ഇലക്ട്രോണിക് ഹബ് ആക്കി കേരളത്തെ മാറ്റാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഈ പ്രവർത്തനങ്ങളിൽ കെൽട്രോണിന് മുഖ്യ പങ്കുവഹിക്കാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂർ കെൽട്രോണിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രി പി.രാജീവ് ചടങ്ങിൽ അധ്യക്ഷനായി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് പ്ലാന്റ് സജ്ജമാക്കിയിട്ടുള്ളത്. ഐഎസ്ആർഒ യുടെ സാങ്കേതിക സഹകരണത്തോടെ സജ്ജമാക്കിയ കേന്ദ്രത്തിലൂടെ പ്രതിദിനം 2000 സൂപ്പർ കപ്പാസിറ്ററുകൾ ഉൽപാദിക്കാനാവും. രാജ്യത്തിൻറെ പ്രതിരോധമേഖലയ്ക്കും ഇലക്ട്രിക് വാഹനങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കുമുൾപ്പെടെ സൂപ്പർ കപ്പാസിറ്ററുകൾ പ്രയോജനപ്പെടും.

===============================================

RNUTVPM

**ജീവൻരക്ഷാ സംവിധാനം – (ഇൻട്രോ)**

അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളുടെ ജീവൻ രക്ഷാ സംവിധാനങ്ങൾ ഒഴിവാക്കേണ്ട സാഹചര്യങ്ങളെക്കുറിച്ചുള്ള കരട് മാർഗ്ഗനിർദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറപ്പെടുവിച്ചു.

72 മണിക്കൂറിന് ശേഷവും ഭേദമാകാത്ത ഗുരുതര മസ്തിഷ്ക പരിക്കുകൾ ഈ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്....**

**– (വോയിസ്......)**

ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരാൻ കഴിയാത്തതും ചികിത്സിച്ച് ഭേദമാക്കാൻ പറ്റാത്തതുമായ, മരണം അനിവാര്യമായ സ്ഥിതിയെന്നാണ് അതീവ ഗുരുതരാവസ്ഥക്ക് നൽകിയിരിക്കുന്ന നിർവചനം. രോഗിയുടെ മസ്തിഷ്ക മരണം, ചികിത്സ കൊണ്ട് പ്രയോജനം ലഭിക്കാത്ത അവസ്ഥ, തുടങ്ങിയവയിൽ ഉൾപ്പെടെ ജീവൻരക്ഷാ സംവിധാനങ്ങൾ തുടരണമോ എന്ന് ഡോക്ടർമാർക്ക് തീരുമാനമെടുക്കാമെന്ന് മാർഗനിർദേശത്തിൽ പറയുന്നു. പൊതുജനാഭിപ്രായ ങ്ങൾക്കായി പുറത്തിറക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങളിൽ, ആശുപത്രികളിൽ തീവ്രപരിചരണ വിഭാഗങ്ങളിൽ ചികിത്സ തുടരുന്ന പല രോഗികളുടേയും അവസ്ഥ ഗുരുതരമാണെന്നും ജീവൻ നിലനിർത്താനുള്ള ചികിത്സകൾ തുടർന്നിട്ടും ആരോഗ്യനിലയിൽ മാറ്റം ഉണ്ടാകാറില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

ന്യൂസ്ഡെസ്ക് ആകാശവാണി......

==========================================

RNU TVPM

**നരേന്ദ്രമോദി സർക്കാർ 100**

മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ 100 ദിവസത്തിനുള്ളിൽ നഗര അടിസ്ഥാന, പാർപ്പിട സാകര്യങ്ങൾ മെച്ചപ്പെടുത്താൻ സുപ്രധാന നടപടികൾ സ്വീകരിച്ചതായി കേന്ദ്രമന്ത്രി മനോഹർ ലാൽ. നഗരപ്രദേശങ്ങളിലെ ദരിദ്രരും ഇടത്തരക്കാരുമായ ഒരു കോടി കുടുംബങ്ങൾക്ക് പ്രധാനമന്ത്രി ആവാസ് യോജന-അർബൻ പ്രകാരം **രണ്ട് ലക്ഷത്തി 30,000 കോടി** രൂപയുടെ സഹായം നൽകിയതായും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

===========================================

**മഴ – സംസ്ഥാനം**

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളിലാളികൾക്ക് ഇന്ന് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

RNUTVPM

===========================================

**വയോജനദിനം**

വയോജനങ്ങളുടെ സംരക്ഷണം സമൂഹത്തിന്റെ കൂടി ഉത്തരവാദിത്തമാണെന്ന ഓർമ്മപ്പെടുത്തലുമായി ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും വയോസേവന അവാർഡ് ദാനവും മന്ത്രി ആർ ബിന്ദു തിരൂരിൽ നിർവ്വഹിച്ചു. അന്തസ്സോടെ വാർദ്ധക്യത്തിലേക്ക് എന്നതാണ് ഈ വർഷത്തെ പ്രമേയം. വയോജന ദിനത്തോട് അനുബന്ധിച്ച്

രാജ്യത്തുടനീളം നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങൾക്ക് വഴിമാറിയതോടെ വാർദ്ധക്യ കാലം ഒറ്റപ്പെടലിന്റെ നോവുമായി കടന്നുപോകുകയാണ്. അനാഥാലയങ്ങളിലും പകൽ വീടുകളിലും ഉപക്ഷേിക്കേണ്ടതല്ല നമുക്ക് വേണ്ടി ഒരു ആയുസ്സ് മുഴുവൻ മാറ്റി വെച്ചവരുടെ ശിഷ്ട കാലം എന്ന ഓർമ്മപ്പെടുത്തലാണ് ഈ ദിനാചരണം.

==========================================

**വയോജനദിനം, ഹനീഫ – (ഇൻട്രോ)**

പ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവേചനമില്ലാത്ത സമൂഹമെന്ന ലക്ഷ്യം മുൻനിർത്തിയാണ് വയോജനദിനാചരണം സംഘടിപ്പിക്കുന്നതെന്ന് **സംസ്ഥാന വയോജന കൌൺസിൽ അംഗം, എസ്.ഹനീഫ റാവുത്തർ ആകാശവാണി വാർത്തകളോട്....**
**(വോയിസ്................)**

RNUTVPM

==========================================

**നേപ്പാൾ - പ്രളയം**

നേപ്പാളിൽ വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ എണ്ണം 217 ആയി. സുരക്ഷാ ഏജൻസികളുടെ നേതൃത്വത്തിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനം പുരോഗമിക്കുകയാണ്. റോഡ് ഗതാഗതം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളും നടന്നു വരുന്നു. കഴിഞ്ഞ മാസം ഉണ്ടായ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും മരിച്ചവരുടെ സ്മരണയ്ക്കായി രാജ്യവ്യാപകമായി ദുഃഖാചരണം നടത്താനും ദേശീയ പതാക മൂന്ന് ദിവസം താഴ്ത്തിക്കെട്ടാനും നേപ്പാൾ സർക്കാർ തീരുമാനിച്ചു.

==========================================

**ഐ.എസ്.എൽ**

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ് സി, ചെന്നൈയിൻ എഫ് സി യെ നേരിടും. വൈകിട്ട് 7.30 ന് ഹൈദരാബാദിലാണ് മത്സരം.

==========================================

**ഓഹരി + സ്വർണ്ണം**

രാജ്യത്ത് ഓഹരി വിപണികളിൽ നേട്ടം.

ബോംബെ ഓഹരി സൂചിക സെൻസെക്സ് 86 പോയിന്റ് ഉയർന്ന് **84,384** ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 15 പോയിന്റ് നേട്ടത്തിൽ **25,822** ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് 30 രൂപ കുറഞ്ഞ് **7,050** രൂപയും പവന് **56,400** രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

====================

============================

==========================================